കണ്ണൂർ സർവ്വകലാശാല

(ഡി ഒ എ )

ഡി ഒ എ /A3/51/2025 കണ്ണൂർ,,തീയതി: 17.07.2025

പ്രസിദ്ധീകരണത്തിന്

## പി.ജി. മൂന്നാം അലോട്ട്മെന്റ് നിർദ്ദേശങ്ങൾ

അഫിലിയേറ്റഡ് കോളേജുകളിലേക്കുള്ള 2025-26 അധ്യയന വർഷത്തെ ബിരുദാനന്തര ബിരുദപ്രവേശനത്തിൻറെ മൂന്നാം അലോട്ട്മെന്റ് സർവകലാശാല വെബ്സൈറ്റിൽ (https://admission.kannuruniversity.ac.in/) പ്രസിദ്ധീകരിച്ചു. അപേക്ഷകർ തങ്ങളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ചവർ അലോട്ട്മെന്റ് മെമ്മോ ഡൌൺലോഡ് ചെയ്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനത്തിനായി 19.07.2025 വൈകുന്നേരം നാല് മണിക്കുള്ളിൽ ഹാജരാകേണ്ടതാണ്.

ആദ്യമായി അലോട്ട്മെന്റ് ലഭിക്കുന്നവർ പ്രൊഫൈലിൽ ലഭ്യമായ ലിങ്ക് വഴി അഡ്മിഷൻ ഫീ ഒടുക്കേണ്ടതാണ്.

അഡ്മിഷൻ ഫീസ് 980/- രൂപ.
SC/ST വിഭാഗം അഡ്മിഷൻ ഫീസ് 910/- രൂപ.

ഇതിനകം കോളേജുകളിൽ താത്കാലിക പ്രവേശനം നേടിയവരും പുതുതായി പ്രവേശനം നേടിയവരും മൂന്നാം അലോട്ട്മെന്റിനു ശേഷം സ്ഥിര പ്രവേശനം നേടേണ്ടതാണ്. SC/ST/PWBD വിഭാഗത്തിന് താത്കാലിക പ്രവേശനം തുടരാവുന്നതാണ്. അതുപോലെ SC/ST/PWBD വിദ്യാർഥികൾ തങ്ങൾക്ക് പ്രവേശനം ലഭിച്ച കോളേജിൽ സംതൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ നിർബന്ധമായും 19.07.2025 നകം റദ്ദ് ചെയ്യേണ്ടതാണ്. SC/ST/PWBD സ്പെഷ്യൽ അലോട്ട്മെന്റ് - 25.07.2025

ഒന്നും രണ്ടും അലോട്ട്മെന്റുകളിൽ, അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ വീണ്ടും ഹയർ ഓപ്ഷൻ ലഭിച്ചാൽ ഫീസ് അടയ്ക്കേണ്ടതില്ല. അലോട്ട്മെന്റ് ലഭിച്ചവർ pay fees ബട്ടൺ ക്ലിക്ക് ചെയ്താണ് ഫീസ് അടയ്ക്കേണ്ടത്. ഫീസ് അടച്ചവർ ലോഗിൻ ചെയ്ത് ഫീസ് അടച്ച വിവരങ്ങൾ അവരുടെ പ്രൊഫൈലിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അഡ്മിഷൻ ഫീസ് SBI ePay വഴി ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

## കോളേജ് പ്രവേശനം

മൂന്നാം അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ ഫീസ് ഒടുക്കി അതാത് കോളേജുകളിൽ അഡ്മിഷന് വേണ്ടി 19.07.2025 ന്ന വൈകുന്നേരം നാല് മണിക്കുള്ളിൽ ഹാജരാകേണ്ടതാണ്. **ആദ്യത്തെ രണ്ട് അലോട്ട്മെന്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക്, മൂന്നാം അലോട്ട്മെന്റിൽ ഹയർ ഓപ്ഷൻ ലഭിക്കുകയാണെങ്കിൽ, നിർബന്ധമായും ഹയർ ഓപ്ഷൻ ലഭിച്ച കോളേജിൽ ഹാജരാക്കേണ്ടതാണ്. ഹാജരാകാത്ത പക്ഷം, വിദ്യാർത്ഥികളുടെ പി. ജി അഡ്മിഷൻ റദ്ദാകുന്നതാണ്.** അഡ്മിഷൻ ലഭിക്കുന്നതിനായി ഹാജരാക്കുന്നതിനുള്ള അലോട്ട്മെന്റ് മെമ്മോ വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. അലോട്ട്മെന്റ് മെമ്മോയോടൊപ്പം മറ്റു രേഖകളും പ്രവേശനസമയത്ത് കോളജുകളിൽ ഹാജരാക്കേണ്ടതാണ്.

## ഫീസടച്ച വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഔട്ട്

ഓൺലൈൻ രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളും ഫീസടച്ചതിന്റെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഔട്ട് കൈവശം സൂക്ഷിക്കേണ്ടതാണ്. അഡ്മിഷൻ സമയത്തു നിർബന്ധമായും കോളേജിൽ ഹാജരാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് https://admission.kannuruniversity.ac.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക

*Help line Numbers: 7356948230, 04972715227*
*E-mail id: pgdoa@kannuruniv.ac.in.*

ഒപ്പ്/-
Deputy Registrar (DOA)
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. പി. ആർ. ഓ.
2. ഐ. ടി. ഡയറക്ടർ
3. വെബ് മാനേജർ
4. അന്വേഷണ വിഭാഗം

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ